# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279   ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 68/2021 (ചൊവ്വാഴ്ച)** **തീയ്യതി: 31.08.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 01.09.2021 | 02.09.2021 | 03.09.2021 | 04.09.2021 | 05.09.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 5 | 5 | 20 | 20 | 20 |
| ഉയർന്ന താപനില (ºC) | 30 | 30 | 30 | 30 | 31 |
| കുറഞ്ഞ താപനില (ºC) | 24 | 25 | 25 | 25 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 4 | 6 | 4 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 30ºC വരെയും കുറഞ്ഞ താപനില 24ºC വരെയും പ്രതീക്ഷിക്കുന്നു. | | | | | |

**പൊതു നിർദ്ദേശങ്ങൾ**: സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | മഹാളി | അന്തരീക്ഷ ഈർപ്പം കൂടിയ സാഹചര്യമായതിനാൽ കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്. |
| വെള്ളരിവർഗ്ഗ വിളകൾ | മൃദുരോമപ്പൂപ്പൽ | മഴക്കാലങ്ങളിൽ വെള്ളരിവർഗ്ഗ വിളകളിൽ വരാൻ സാധ്യതയുള്ള രോഗമാണ് മൃദുരോമപ്പൂപ്പൽ. രോഗം ശ്രദ്ധയിൽപ്പെട്ടാൽ പ്രൊപിനെബ് 70 WP 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ മാങ്കോസെബ് 75 WP 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. |

| | | |
|---|---|---|
| പച്ചക്കറി | വളപ്രയോഗം | പച്ചക്കറികളിൽ ട്രൈക്കോഡെർമ സമ്പുഷ്ടമായ ജൈവവളത്തോടൊപ്പം എല്ലുപൊടി, വേപ്പിൻപിണ്ണാക്ക് എന്നിവ ചേർത്ത മിശ്രിതം ഒരു സെന്ററിന് 50 കിലോഗ്രാം എന്ന തോതിൽ അടിവളമായി ചേർത്ത്കൊടുക്കുക. ജീവാണു വളങ്ങളായ അസോസ്പൈറില്ലം, വാം എന്നിവയിൽ ഏതെങ്കിലും ഒരാഴ്ച ഇടവിട്ട്പച്ചക്കറികളിൽ തളിച്ച്കൊടുക്കുന്നത് ഉചിതം. |
| കോഴിവളർത്തൽ | - | കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങി നിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന്കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം. |